## കാർഷിക മേഖലയിൽ മൂല്യവർധനവു നടത്താം, കൂടുതൽ വരുമാനം നേടാം

കുടുംബശ്രീ വഴി ഏറ്റവും അധികം ആളുകൾ ഉപജീവനം നേടുന്ന മേഖലയാണ് കാർഷികമേഖല. സംഘകൃഷിയിലൂടെ മൂന്നു ലക്ഷത്തിലധികം പേരാണ് വരുമാനം കണ്ടെത്തുന്നത്. സ്ഥലം പാട്ടത്തിനെടുത്തു കുടുംബശ്രീ നൽകുന്ന ധനസഹായവും ഹ്രസ്വകാല ബാങ്ക് വായ്പയും മൂലധനമാക്കിയാണ് അവരുടെ പ്രവർത്തനം. കഴിഞ്ഞവർഷം 52,000 ഹെക്ടറോളം സ്ഥലത്ത് സംഘകൃഷി സംഘങ്ങൾ കൃഷി ചെയ്തു.

ഉൽപന്നങ്ങൾ വിപണിയിലെത്തുന്ന സമയത്തെ വിലയിടിവ്, ശരിയായ വിപണി ലഭിക്കാതെ വരിക തുടങ്ങിയവ മൂലം കാർഷിക മേഖലയിൽ വേണ്ടത്ര വരുമാനം ലഭിക്കുന്നില്ല. അതിനൊരു പരിഹാരമാണ് മൂല്യവർധിത ഉൽപന്നങ്ങളുടെ ഉൽപാദനം. അങ്ങനെ വന്നാൽ ഉൽപന്നങ്ങൾ കേടാകാതെ കൂടുതൽ കാലമിരിക്കുമെന്നതും മറ്റൊരു നേട്ടം. കൂടുതൽ വിപണിയും ഈ ഉൽപന്നങ്ങൾ ക്കുണ്ട്. അതിനാൽ ഈ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ കുടുംബശ്രീ തീരുമാനിച്ചിട്ടുണ്ട്.

വ്യക്തിപരമായും സംഘം ചേർന്നും മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കാനുള്ള സംരംഭങ്ങൾ തുടങ്ങാം. അഞ്ച് ലക്ഷത്തിൽ താഴെ പദ്ധതിച്ചെലവ് വരുന്നതും അതിൽ കൂടുതൽ ചെലവ് വരുന്നതുമായ പദ്ധതികളുണ്ട്. അഞ്ചു ലക്ഷത്തിൽ താഴെ ചെലവു വരുന്ന വ്യക്തിഗത സംരംഭങ്ങൾക്ക് ആകെ പദ്ധതിച്ചെലവിന്റെ 20 ശതമാനമോ 10,000 രൂപയോ ഇതിൽ ഏതാണോ കുറവ് ആ തുക സഹായമായി നൽകും. ഗ്രൂപ്പ് സംരംഭമാണെങ്കിൽ പദ്ധതിച്ചെലവിന്റെ 40 ശതമാനമോ അല്ലെങ്കിൽ 50,000 രൂപയോ ഏതാണോ കുറവ് ആ തുകയും സഹായമായി നൽകും. അഞ്ചു ലക്ഷത്തിൽ കൂടുതൽ പദ്ധതിച്ചെലവു വരുന്ന സംരംഭങ്ങൾ ബാങ്ക് വായ്പയോടു കൂടി ആരംഭിച്ചാൽ രണ്ടു ലക്ഷം രൂപ വരെ സബ്സിഡിയായി നൽകും. ഇത്തരത്തിൽ അഞ്ഞൂറോളം കർഷകർക്ക്/സംഘങ്ങൾക്ക് സഹായം നൽകാനാണു കുടുംബശ്രീ ആഗ്രഹിക്കുന്നത്. താൽപര്യമുള്ളവർ മുന്നോട്ടു വരണം.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ



ഗ്രാമകിരണം ബൾബുകൾക്ക് എൻജിനിയറിങ് വിഭാഗം ഗുണമേന്മാ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമകിരണത്തിന് സർക്കാരിന്റെ ഔദ്യോഗിക അംഗീകാരവും ലഭിച്ചു.

# വരുമാനം LED ബൾബുകളിലൂടെ !

വ്യത്യസ്തമായ സംരംഭങ്ങളിലൂടെ ഉൽപാദന മേഖലയിലെ വിവിധ ഇടങ്ങളിൽ വ്യക്തിമുദ്ര പതിപ്പിക്കുന്ന കുടുംബശ്രീയുടെ ഏറെ വ്യത്യസ്തമായ മറ്റൊരു സംരംഭമാണ് എൽഇഡി ബൾബ് നിർമ്മാണവും അനുബന്ധ സേവനങ്ങളും നൽകുന്ന കാസർകോട് ജില്ലയിലെ ഗ്രാമകിരണം യൂണിറ്റ്. നീലേശ്വരം ബ്ലോക്കിലെ പടന്ന, വലിയപറമ്പ, പിലിക്കോട്, ഉദുമ, ചെറുവത്തൂർ, നീലേശ്വരം മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ നിന്നുള്ള അയൽക്കൂട്ടങ്ങളിലെ അംഗങ്ങളും യുവശ്രീ അംഗങ്ങളുമായ 15 പേർ ചേർന്നാണ് യൂണിറ്റ് നടത്തുന്നത്. പിലിക്കോട് പഞ്ചായത്ത് സൗജന്യമായി നൽകിയ കെട്ടിടത്തിലാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. ഇവിടെ വൈദ്യുതിയും സൗജന്യ നിരക്കിൽ ലഭ്യമാക്കിയിരിക്കുന്നു.

എൽഇഡി ബൾബ് നിർമാണം, അറ്റകുറ്റപ്പണി അടക്കമുള്ള സേവനങ്ങൾ എന്നിവയിൽ കുടുംബശ്രീ ജില്ലാ മിഷൻ നൽകിയ പതിനഞ്ചു ദിവസത്തെ പരിശീലനത്തിൽ പങ്കെടുത്ത 25 പേർ ചേർന്ന് 2018 ഏപ്രിലിലാണ് ഗ്രാമകിരണം ആരംഭിച്ചത്. പ്രവർത്തനങ്ങൾ ആരംഭിക്കാൻ താമസം വന്നതോടെ എട്ടു പേർ യൂണിറ്റ് വിട്ടു. പിലിക്കോട് കാർഷിക സഹകരണ ബാങ്കിൽ നിന്നെടുത്ത അഞ്ചു ലക്ഷം രൂപയും കുടുംബശ്രീ ജില്ലാ മിഷൻ നൽകിയ 50000 രൂപ സ്റ്റാർട്ട് അപ്പ് ഫണ്ടും ഓരോ അംഗവും ചേർന്നെടുത്ത 5000 രൂപയുമാണ് കമ്പനിയുടെ മൂലധനം. പതിനഞ്ചു അംഗങ്ങളും ഉൾപ്പെടുന്ന ഗവേണിങ് കമ്മിറ്റിയാണ് യൂണിറ്റിന്റെ പ്രവർത്തനം




നിയന്ത്രിക്കുന്നത്. പി. അശോകനാണ് പ്രസിഡന്റ്. കൃഷ്ണ വിജി സെക്രട്ടറിയും പി. ശ്രീബ ട്രഷററും. വലിയപറമ്പ് ഗ്രാമപഞ്ചായത്താണ് ആദ്യ ഓർഡർ നൽകിയത്.

ഗ്രാമകിരണം ബ്രാൻഡിലാണു ബൾബുകളുടെ വിൽപന. 9,12,15,18 വാട്ടു വരുന്ന ബൾബുകൾക്കു യഥാക്രമം 100, 170, 240, 300 രൂപ നിരക്കാണ് ഈടാക്കുന്നത്. ബൾബുകൾക്ക് എൻജിനീയറിങ് വിഭാഗം ഗുണമേന്മാ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമകിരണത്തിന് സർക്കാരിന്റെ ഔദ്യോഗിക അംഗീകാരവും ലഭിച്ചു. ഇതോടെ ക്വൊട്ടേഷനില്ലാതെ ഗ്രാമകിരണം ബൾബുകൾ വാങ്ങാനുള്ള സൗകര്യം ഗവൺമെന്റ് സ്ഥാപനങ്ങൾക്കു ലഭിച്ചു. ഗ്രാമകിരണം സംഘാംഗങ്ങൾ വഴിവിളക്കുകളുടെ അറ്റകുറ്റപ്പണികൾ ചെയ്തും ശ്രദ്ധ നേടി. പിലിക്കോട് പഞ്ചായത്തിന്റെ ഇരുപതു ലക്ഷത്തിന്റെയും പള്ളിക്കര പഞ്ചായത്തിന്റെ പത്ത് ലക്ഷത്തിന്റെയും അടക്കമുള്ള ഓർഡറുകൾ ലഭിച്ചു. തുടക്കത്തിൽ സ്ഥിരമായി ഒരു ശമ്പളമോ മറ്റോ നൽകിയിരുന്നില്ലെങ്കിലും ഇപ്പോൾ രണ്ടു മാസമായി ഓരോ അംഗവും ദിവസേന പ്രതിഫലം നേടുന്നു. ബൾബ് വിതരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഫീൽഡിൽ പോകുന്നവർക്കു ദിവസേന 450 രൂപയും ഓഫിസ് ജോലി ചെയ്യുന്നവർക്ക് 350 രൂപയുമാണ് ഇപ്പോൾ പ്രതിഫലം. മഞ്ചേശ്വരം ബ്ലോക്കിൽ മംഗൽപ്പാടിയിൽ പതിനാറ് പേരുൾപ്പെടുന്ന മറ്റൊരു ഗ്രാമകിരണം യൂണിറ്റ് 2018 ഒക്ടോബറിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

# പാഷൻ ഫ്രൂട്ട് പച്ചടി



### ആവശ്യമുള്ള സാധനങ്ങൾ

1. അധികം പഴുക്കാത്ത പാഷൻ ഫ്രൂട്ട് രണ്ട് (പൾപ്പ് എടുക്കുക), 2. തേങ്ങ അരമുറി, ജീരകം ഒരു നുള്ള്, 3. തൈര് അര ഗ്ലാസ് (അധികം പുളിക്കാത്തത്), 4. ചുവന്നുള്ളി രണ്ട്, ടേബിൾ സ്പൂൺ (അരിഞ്ഞത്), 5. പച്ചമുളക് ഒരു ടേബിൾ സ്പൂൺ (വട്ടത്തിൽ അരിഞ്ഞത്), 6. ഇഞ്ചി ഒരു ടീ സ്പൂൺ അരിഞ്ഞത്, 7. കറിവേപ്പില രണ്ടു തണ്ട്, 8. ഉപ്പ്, വെളിച്ചെണ്ണ ആവശ്യത്തിന്

### തയാറാക്കുന്ന വിധം

1. വെളിച്ചെണ്ണ ചൂടാക്കി ഒരു ടീ സ്പൂൺ കടുകിട്ട് പൊട്ടിക്കുക. രണ്ടുവറ്റൽ മുളകും ചേർത്തു മൂപ്പിക്കുക. ഇതിൽ ഉള്ളിയും ഇഞ്ചിയും പച്ചമുളകും ചേർത്തു മൂപ്പാകുമ്പോൾ അൽപം ഉപ്പും ഉലുവാപ്പൊടിയും ചേർത്തു മൂപ്പിച്ച് അതിലേക്കു അരപ്പും ചേർക്കുക. 2. അരപ്പിന്റെ പച്ച മണം മാറിക്കഴിയുമ്പോൾ അതിലേക്കു പാഷൻ ഫ്രൂട്ട് പൾപ്പ് ചേർത്തു വേവിക്കുക (തീ കുറച്ചു വച്ച് ഏകദേശം മൂന്നു മിനിറ്റ്). ആവശ്യത്തിന് ഉപ്പും ചേർക്കുക. 3. അതിലേക്കു തൈരും ചേർത്ത് ഇളക്കുക. തീ ഓഫാക്കിയ ശേഷം പച്ചടിക്കു മുകളിലേക്കു കറിവേപ്പിലയും ഇട്ട് മൂടിവയ്ക്കുക.



**തയാറാക്കിയത്:** ടി.എസ്. സുജാത,
മണ്ണാചെരുത്ത് വീട്, കായംകുളം,
ആദിത്യ കുടുംബശ്രീ അംഗം.

### കുടുംബശ്രീ ഇൻഫൊ

## കുടുംബശ്രീ എഡിഎസുകൾക്ക് ദേശീയപുരസ്കാരം

ശുചിത്വ - മാലിന്യസംസ്കരണത്തിലൂടെ നൂതന വരുമാന വർധനവ് നടത്തിയതിന് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ സ്വച്ഛത എക്സലൻസ് ദേശീയ പുരസ്കാരം കുടുംബശ്രീ എഡിഎസുകൾ സ്വന്തമാക്കി. മലപ്പുറം പെരിന്തൽമണ്ണ നഗരസഭയിലെ കണക്കഞ്ചേരി എഡിഎസ് ഒന്നാം സ്ഥാനവും കൊല്ലം നഗരസഭയിലെ മരുതടി എഡിഎസ് രണ്ടാം സ്ഥാനവും നേടി.